(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഇ-ഗവേണൻസ് പദ്ധതിയുടെ പുരോഗതി

64(1316) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതിക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സഹായത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം A ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ഉണ്ട്. വിശദാംശം അനുബന്ധം B ആയി ചേർത്തിരിക്കുന്നു.*

നിയമനത്തട്ടിപ്പ്

65(1318) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനത്തട്ടിപ്പിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 10 വർഷം നടന്ന എല്ലാ നിയമനങ്ങളെ സംബന്ധിച്ചും പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ പരിഷ്കാര വകുപ്പിന്റെ നേതൃത്വത്തിൽ സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതിനായി കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ നിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ കണ്ടെത്തിയ തട്ടിപ്പിനെത്തുടർന്ന് മറ്റു പല ജില്ലകളിലും തട്ടിപ്പു നടന്നതായ പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*

(ബി) നടപടി ക്രമം പാലിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടന്നു വരുന്നു. എന്നാൽ തസ്തികകൾ സൃഷ്ടിച്ച് നടപടിക്രമം പാലിച്ച് സെൽ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ എ.ആർ. ഒന്നു മുതൽ പത്തുവരെയുള്ള സെക്ഷനുകളെ നിയമന പരിശോധന നടത്താൻ ചുമതലപ്പെടുത്തിയതിനെ തുടർന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കഴിഞ്ഞ പത്തു വർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമങ്ങളെ സംബന്ധിച്ചും പരിശോധന നടന്നു കൊണ്ടിരിക്കുകയാണ്. ഇതിൽ ഉൾപ്പെടുത്തി ഈ പരാതികളും പരിശോധിക്കുന്നതാണ്.

പൊതുപ്രവർത്തകരുടെ സ്വത്ത് വിവരം

66(1319) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമപ്രകാരം സ്വയം സ്വത്ത് വിവരം വെളിപ്പെടുത്തേണ്ട പൊതുപ്രവർത്തകർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സ്വത്ത് വിവരം സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നിയമപ്രകാരം സ്വത്ത് വിവരം സമർപ്പിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പൊതുപ്രവർത്തകർ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഒരു തവണപോലും നിയമപ്രകാരം സ്വത്തുവിവരം വെളിപ്പെടുത്താത്തവരുടെ പേരു വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly